ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

1624. [2416] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനുവേണ്ടി 31-3-1986 വരെ ലഭിച്ചിട്ടുള്ള അപേക്ഷകരിൽ ഇനിയും എത്രപേർക്ക് അഡ്വാൻസ് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ഉള്ളവരെത്ര ;

(സി) ഇവരിൽ വികലാംഗരായ എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) വികലാംഗരായ അപേക്ഷകർക്ക് ലോൺ അനുവദിക്കുന്നതിന് എന്തെല്ലാം പരിഗണനകളാണ് കൊടുക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) വികലാംഗരായ എല്ലാ അപേക്ഷകർക്കും ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(എഫ്) 1987 മാർച്ചിൽ സറണ്ടർ വരുന്ന തുക വികലാംഗരായ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനുവേണ്ടി 31-3-1986 വരെ ലഭിച്ചിട്ടുള്ള അപേക്ഷകരിൽ ഇനി 84 പേർക്ക് അഡ്വാൻസ് ലഭിക്കാനുണ്ട്.

(ബി) ഇവരിൽ 49 പേർ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലുള്ളവരാണ്.

(സി) ഇവരിൽ വികലാംഗനായ ഒരപേക്ഷകൻ മാത്രമേയുള്ളു.

(ഡി) ജനറൽ കാറ്റഗറിയിലെ അപേക്ഷകർക്ക് ലോൺ അനുവദിക്കുന്നതിനേക്കാൾ ഒരു വർഷത്തെ മുൻഗണന വികലാംഗരായ അപേക്ഷകർക്കു നൽകാറുണ്ട്.

(ഇ) വികലാംഗരായ എല്ലാ അപേക്ഷകർക്കും ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിന് ഫണ്ടിന്റെ അഭാവത്തിൽ പ്രയാസമാണ്.

(എഫ്) 1987 മാർച്ചിൽ സറണ്ടർ തുക വരുകയാണെങ്കിൽ വികലാംഗനായ അവശേഷിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യം കൂടി പരിഗണിക്കാവുന്നതാണ്.

വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

1625. [2417] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 31-3-1986 വരെയുള്ള കാലയളവിൽ സെക്രട്ടേറിയറ്റിൽ എത്ര വികലാംഗരായ ഉദ്യോഗസ്ഥൻമാർ ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലുള്ളവരെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരിൽ എത്രപേർക്ക് അഡ്വാൻസ് നൽകിയിട്ടുണ്ടെന്നും ഇനിയും എത്രപേർക്കു നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) 31-3-1986 വരെ അപേക്ഷിച്ചിട്ടുള്ള എല്ലാ വികലാംഗരായ ഉദ്യോഗസ്ഥൻമാർക്കും ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിക്കുന്നതിന് എന്തു തുക വേണ്ടിവരും ;

(ഡി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിനു വേണ്ടി എന്തു തുക ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത അഡ്വാൻസിനു വേണ്ടി അപേക്ഷിച്ചിട്ടുള്ള വികലാംഗരായ എല്ലാ ഉദ്യോഗസ്ഥൻമാർക്കും ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-3-1986 വരെ സെക്രട്ടേറിയറ്റിൽ 15 വികലാംഗരായ ഉദ്യോഗസ്ഥൻമാരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 14 പേർ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലുള്ളവരാണ്.

(ബി) ഇവരിൽ പതിനാലുപേർക്ക് അഡ്വാൻസു നൽകിയിട്ടുണ്ട്. ഇനി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ ഒരു വികലാംഗന്റെ അപേക്ഷ മാത്രമാണ് അവശേഷിക്കുന്നത്.

(സി) 31-3-1986 വരെ അപേക്ഷിച്ചിട്ടുള്ള എല്ലാ വികലാംഗരായ ഉദ്യോഗസ്ഥൻമാർക്കും അഡ്വാൻസ് നൽകുന്നതിന് എന്തു തുക വേണ്ടി വരുമെന്ന് കൃത്യമായി പറയാൻ പ്രയാസമാണ്. വിവരം ശേഖരിച്ചുവരുന്നു.

(ഡി) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ, ഹൗസ് ബിൽഡിംഗ് അഡ്വാൻസിന് അപേക്ഷിച്ചിട്ടുള്ള വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് അഡ്വാൻസ് നൽകുന്നതിന് ഏകദേശം 7,00,000 രൂപയാണ് ആവശ്യമുള്ളത്. അതിൽ ഒരാൾക്ക് ഒഴികെ ബാക്കി എല്ലാവർക്കും അഡ്വാൻസ് നൽകിയിട്ടുണ്ട്.

(ഇ) 31-12-1984 വരെ അപേക്ഷിച്ചിട്ടുള്ള വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് മാത്രമേ ഈ വർഷം ലോൺ അനുവദിക്കുന്നുള്ളൂ. ഈ തീയതിക്കുശേഷം അപേക്ഷിച്ചിട്ടുള്ള വികലാംഗരായ ഉദ്യോഗസ്ഥൻമാർക്ക് അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമേ ലോൺഅനുവദിക്കുവാൻ നിവൃത്തിയുള്ളൂ.

കേരള ഭാഗ്യമാല ലോട്ടറി തുടങ്ങിയ തീയതി

1626. [2419] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 'കേരള ഭാഗ്യമാല' എന്ന ലോട്ടറി എന്നു മുതലാണ് നടത്തുവാൻ തുടങ്ങിയത് ;

(ബി) ഭാഗ്യമാല നടത്തുവാൻ ആരംഭിച്ച തീയതി മുതൽ 1986 ഒക്ടോബർ 31 വരെ കേരളാ ഗവൺമെന്റ് ലോട്ടറിയുടെ മൊത്തം കളക്ഷൻ എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) 1985 വർഷത്തിൽ ഇതേ കാലയളവിൽ കേരളാ ഗവൺമെന്റ് ലോട്ടറിയുടെ കളക്ഷൻ എത്ര രൂപയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly